LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ വരുമാനവും ചെലവായ തുകയും

205 (180) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷത്തെ റവന്യൂ വരുമാനവും ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ഉൾപ്പെടെ ശമ്പളത്തിനായി ചെലവായ തുകയും അതിന്റെ ശതമാനവും വിശദമാക്കാമോ;

(ബി) കഴിഞ്ഞ പത്ത് വർഷത്തെ റവന്യൂ വരുമാനവും പെൻഷൻ നൽകുന്നതിനായി ഓരോ വർഷവും ചെലവായ തുകയും അതിന്റെ ശതമാനവും വിശദമാക്കാമോ;

(സി) കഴിഞ്ഞ പത്ത് വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ റവന്യൂ വരുമാനത്തിന്റെ ശരാശരി എത്ര ശതമാനം ശമ്പളത്തിനും, പെൻഷനും ചെലവഴിക്കേണ്ടി വരുന്നു;

(ഡി) കഴിഞ്ഞ പത്ത് വർഷത്തിൽ ഓരോ വർഷവും റവന്യൂ വരുമാനത്തിലുണ്ടായ വർദ്ധന ശതമാന കണക്കിൽ വിശദമാക്കാമോ;

(ഇ) കഴിഞ്ഞ പത്ത് വർഷത്തിൽ ഓരോ വർഷവും ശമ്പളത്തിനും പെൻഷനും നൽകിയ തുകയിലെ വർദ്ധന ശതമാന കണക്കിൽ വിശദമാക്കാമോ?

ഉത്തരം

(എ-ഇ) കഴിഞ്ഞ പത്ത് വർഷത്തെ റവന്യൂ വരുമാനവും ജീവനക്കാരുടെയും അദ്ധ്യാപകരുടേയും ശമ്പളത്തിനായി ചെലവായ തുകയുടെയും പെൻഷൻ നൽകുന്നതിനായി ഓരോ വർഷവും ചെലവായ തുകയുടെയും അതിന്റെ ശതമാന കണക്കിന്റെയും റവന്യൂ വരുമാനത്തിലുണ്ടായ വളർച്ചാ നിരക്കിന്റെയും വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

പ്ലാന്റേഷൻ നികുതി ഒഴിവാക്കിയ നടപടി

206 (181) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യക്തികളുടെ ഉടമസ്ഥതയിലുള്ള തോട്ടങ്ങൾ പ്ലാന്റേഷൻ നികുതി പൂർണമായും ഒഴിവാക്കിക്കൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തീരുമാനം വഴി സർക്കാരിനുണ്ടായ റവന്യു നഷ്ടം എത്ര കോടി രൂപയുടേതായിരിക്കും;

(സി) പ്ലാന്റേഷൻ നികുതി ഇനത്തിൽ 2011-12 മുതൽ 2015-16 വരെ ലഭിച്ച തുകയുടെ കണക്കുകൾ വിശദമാക്കാമോ?

ഉത്തരം

(എ) 2015-ലെ കേരള ധനകാര്യ ആക്ടിൽ 1960-ലെ കേരള തോട്ട നികുതി നിയമം ഭേദഗതി ചെയ്തുകൊണ്ട് 'വ്യക്തികൾ' എന്ന വിഭാഗത്തിനെ തോട്ട നികുതി ഈടാക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി&സി) വിവരങ്ങൾ ജില്ലാ കളക്ടർമാരിൽനിന്നും ശേഖരിച്ചുവരുന്നു.

പദ്ധതി അടങ്കൽ തുക

207 (182) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം പദ്ധതി അടങ്കൽ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി അടങ്കൽ പ്രകാരം വിവിധ വകുപ്പുകൾക്കായി അനുവദിച്ച തുക എത്രയാണെന്നും ട്രഷറിയിൽ നിന്നും പിൻവലിച്ച തുക മൊത്തം എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ത്രിതല പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയ്ക്ക് നാളിതുവരെ അനുവദിക്കപ്പെട്ട തുകയുടേയും പിൻവലിക്കപ്പെട്ട തുകയുടേയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി വകുപ്പുകൾ നേരിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും വകയിരുത്തിയ തുകയും ഇതുവരെ വിനിയോഗിച്ച തുകയും എത്രയാണെന്ന് പ്രത്യേകം വിശദമാക്കുമോ?

ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷം (2015-16-ൽ) 20000 കോടി രൂപയാണ് പദ്ധതി അടങ്കൽ.

LIBRARY ARCHIVES Kerala Legislative Assembly